**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3013** **07-10-2025 - ൽ മറുപടിയ്ക്ക്**

**എയ്ഞ്ചൽവാലി, പമ്പാവാലി പ്രദേശങ്ങളെ പെരിയാർ കടുവാസങ്കേത പരിധിയിൽ നിന്ന് ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി ഗ്രാമപഞ്ചായത്തിൽപ്പെട്ട ഏയ്ഞ്ചൽവാലി, പമ്പാവാലി പ്രദേശങ്ങളെ പെരിയാർ കടുവാസങ്കേത പരിധിയിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള സംസ്ഥാന വന്യജീവി ബോർഡിന്റെ തീരുമാനം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിവേഷ് പോർട്ടലിലൂടെ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര വനം വന്യജീവി ബോർഡിന്റെ നിർദേശ പ്രകാരം സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ; | (എ) | പെരിയാർ കടുവാ സങ്കേതത്തിലെ ഏയ്ഞ്ചൽവാലി, പമ്പാവാലി ജനവാസമേഖലകളെ കടുവാ സങ്കേതത്തിൽ നിന്നും ഒഴിവാക്കുന്നതിന് വേണ്ടിയുള്ള ശുപാർശ ദേശീയ വന്യജീവി ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ദേശീയ വന്യജീവി ബോർഡിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റി രൂപീകരിച്ച സൈറ്റ് ഇൻസ്പെക്ഷൻ കമ്മിറ്റി സ്ഥല പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും സംസ്ഥാന സർക്കാർ "appropriate guidelines and an action plan for the adoption of sustainable development practices in the Pampa Valley settlement area and the details of additional area to be included in the Tiger Reserve" തയ്യാറാക്കി ദേശീയ വന്യജീവി ബോർഡിന് സമർപ്പിക്കുവാൻ 12/03/2025 ലെ ദേശീയ വന്യജീവി ബോർഡിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗം നിർദ്ദേശിച്ചിട്ടുണ്ട്. ടി വിഷയം 18/06/2025 ലെ സംസ്ഥാന വന്യജീവി ബോർഡ് ചർച്ച ചെയ്യുകയും ദേശീയ വന്യജീവി ബോർഡിന്റെ മേൽ വിവരിച്ച നിർദ്ദേശങ്ങളിന്മേൽ തുടർ ചർച്ചകൾ നടത്താൻ തീരുമാനിച്ചിട്ടുള്ളതുമാണ്. |
| (ബി) | ഏയ്ഞ്ചൽവാലി, പമ്പാവാലി പ്രദേശങ്ങളെ പെരിയാർ കടുവാസങ്കേത പരിധിയിൽ നിന്ന് ഒഴിവാക്കുന്നതിനായി കേന്ദ്ര വനം വന്യജീവി ബോർഡിന്റെ നിർദേശ പ്രകാരമുള്ള എന്തെല്ലാം നടപടികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | പെരിയാർ കടുവാ സങ്കേതത്തിലെ ഏയ്ഞ്ചൽവാലി, പമ്പാവാലി ജനവാസമേഖലകളെ കടുവാ സങ്കേതത്തിൽ നിന്നും ഒഴിവാക്കുന്നതിന് വേണ്ടിയുള്ള ശുപാർശ ദേശീയ വന്യജീവി ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ദേശീയ വന്യജീവി ബോർഡിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റി രൂപീകരിച്ച സൈറ്റ് ഇൻസ്പെക്ഷൻ കമ്മിറ്റി സ്ഥല പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും സംസ്ഥാന സർക്കാർ "appropriate guidelines and an action plan for the adoption of sustainable development practices in the Pampa Valley settlement area and the details of additional area to be included in the Tiger Reserve" തയ്യാറാക്കി ദേശീയ |

| | | | |
|---|---|---|---|
| | | | വന്യജീവി ബോർഡിന് സമർപ്പിക്കുവാൻ 12/03/2025 ലെ ദേശീയ വന്യജീവി ബോർഡിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗം നിർദ്ദേശിച്ചിട്ടുണ്ട്. ടി വിഷയം 18/06/2025 ലെ സംസ്ഥാന വന്യജീവി ബോർഡ് ചർച്ച ചെയ്യുകയും ദേശീയ വന്യജീവി ബോർഡിന്റെ മേൽ വിവരിച്ച നിർദ്ദേശങ്ങളിന്മേൽ തുടർ ചർച്ചകൾ നടത്താൻ തീരുമാനിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ